# cabinet briefing 09.09.2026

**ബജറ്റ് പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാൻ റൗണ്ട് ടേബിൾ കോൺഫറൻസ് : മുഖ്യമന്ത്രി വി ഡി സതീശൻ**

പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ സമയബന്ധിതവും കാര്യക്ഷമവുമായി നടപ്പാക്കുന്നതിനായി സംസ്ഥാനത്ത് ആദ്യമായി പ്രത്യേക റൗണ്ട് ടേബിൾ കോൺഫറൻസ് സംഘടിപ്പിക്കും. ബജറ്റ് പ്രഖ്യാപനങ്ങൾ വിവിധ കാരണങ്ങളാൽ നടപ്പാകാതെ പോകുന്ന സാഹചര്യം ഒഴിവാക്കി പദ്ധതി നിർവഹണത്തിൽ ജനങ്ങൾക്ക് വിശ്വാസ്യത ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രിസഭാ യോഗത്തിനുശേഷം നടത്തിയ വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. സെപ്റ്റംബർ 16 മുതൽ 18 വരെ തിരുവനന്തപുരത്താണ് കോൺഫറൻസ് നടത്തുക.

നാല്പതിലധികം വകുപ്പുകൾക്കായി ബജറ്റിൽ 73 പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിൽ 63 പദ്ധതികൾ ഒന്നിലധികം വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കേണ്ടവയാണ്. വകുപ്പുകൾ തമ്മിലുള്ള ഏകോപനക്കുറവ് മൂലമുള്ള കാലതാമസം ഒഴിവാക്കുന്നതിനായി പദ്ധതികളെ വിവിധ ക്ലസ്റ്ററുകളായി തിരിച്ചാണ് ചർച്ചകൾ നടത്തുക. ആറ് ക്ലസ്റ്ററുകളിലായി 34 പദ്ധതികളാണ് നിലവിൽ കോൺഫറൻസിൽ ചർച്ച ചെയ്യുന്നത്. പദ്ധതികളുടെ നിർവഹണം, ആസൂത്രണം, വകുപ്പുതല ഏകോപനം എന്നിവ വിശദമായി പരിശോധിക്കും. ഓരോ പദ്ധതിയുടെയും വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കും. പദ്ധതികളുടെ വ്യാപ്തി, തന്ത്രപരമായ ലക്ഷ്യങ്ങൾ, സാമ്പത്തിക മാതൃക, നിർവഹണ രീതി, സമയപരിധി എന്നിവയും കോൺഫറൻസിൽ തീരുമാനിക്കും.

നയവിദഗ്ധർ, അക്കാദമിക് - ഗവേഷണ സ്ഥാപനങ്ങൾ, വികസന പങ്കാളികൾ, സാമ്പത്തിക സ്ഥാപനങ്ങൾ, നിക്ഷേപകർ, വ്യവസായികൾ, സ്റ്റാർട്ട് അപ്പുകൾ തുടങ്ങിയ വിവിധ മേഖലകളിലെ പ്രധാന പങ്കാളികളെ ഉൾപ്പെടുത്തിയാണ് ചർച്ചകൾ നടത്തുക. ഇതിനായി സർക്കാർ ഒരു നോളജ് പാർട്ണറെയും തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ പദ്ധതിയും പൂർത്തിയാക്കേണ്ട സമയപരിധിയും വിവിധ വകുപ്പുകളുടെ ചുമതലകളും

കൃത്യമായി നിർവചിച്ച് പദ്ധതി നിർവഹണം കാര്യക്ഷമമാക്കുകയാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

*മറ്റ് മന്ത്രിസഭായോഗ തീരുമാനങ്ങൾ*

- സുപ്രീം കോടതിയിൽ സംസ്ഥാനത്തിനു വേണ്ടി കേസുകൾ നടത്തുന്നതിന് സീനിയർ അഭിഭാഷകരുടെ പാനൽ രൂപീകരിച്ചു.
- സുപ്രീം കോടതി നിർദ്ദേശപ്രകാരം സംസ്ഥാനത്തെ ജില്ലാ ജുഡീഷ്യൽ ഓഫീസർമാരുടെ വിരമിക്കൽ പ്രായം 62 വയസ്സായി ഉയർത്തി.
- കോഴിക്കോട് മെഡിക്കൽ കോളേജ് ഐ.സി.യുവിൽ 2023-ൽ അതിക്രമത്തിന് ഇരയായ കോഴിക്കോട് സ്വദേശിക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് അഞ്ച് ലക്ഷം രൂപ അനുവദിച്ചു.
- ഹൈക്കോടതിയിൽനിന്ന് വിരമിച്ച ജസ്റ്റിസ് സി. പ്രദീപ് കുമാറിനെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാനായി നിയമിച്ചു.

പി.എൻ.എക്സ്. 3651/2026

**വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ ഊർജ്ജിത ശ്രമങ്ങൾ; പ്രതിസന്ധിക്ക് കാരണം റദ്ദാക്കിയ മുൻ വൈദ്യുതി കരാറെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ**

സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ ഊർജിതമായ ശ്രമങ്ങൾ സർക്കാർ നടത്തുന്നതായി മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. മുൻപ് ഉണ്ടായിരുന്ന ദീർഘകാല വൈദ്യുതി കരാർ മുൻ സർക്കാർ റദ്ദാക്കിയതിന്റെ ഭാഗമായി 4.29 രൂപ നിരക്കിൽ ലഭിച്ചിരുന്ന വൈദ്യുതിക്ക് പകരം നിലവിൽ 10 മുതൽ 14 രൂപ വരെ നൽകിയാണ് വൈദ്യുതി വാങ്ങുന്നത്. മന്ത്രിസഭാ യോഗത്തിനുശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മഴയുടെ അഭാവം മൂലം സംസ്ഥാനത്തെ ഡാമുകളിൽ സംഭരണശേഷിയുടെ പകുതിയോളം മാത്രമാണ് നിലവിലുള്ളത്. പ്രതിദിന വൈദ്യുതി ഉപഭോഗം 4800 മുതൽ 4900 മെഗാവാട്ട് വരെയായി ഉയർന്നിട്ടുണ്ട്. ജനങ്ങൾക്ക് അമിതഭാരം

ഏൽപ്പിക്കാതെ തടസ്സമില്ലാത്ത വൈദ്യുതി വിതരണം ഉറപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. വൈദ്യുതി നിയന്ത്രണത്തിന്റെ സമയക്രമം കൃത്യമായി ജനങ്ങളെ അറിയിക്കാൻ കെഎസ്ഇബിക്ക് നിർദ്ദേശം നൽകും.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് മരുന്നിനും മറ്റ് ആവശ്യങ്ങൾക്കുമായി നൽകാനുണ്ടായിരുന്ന ഏകദേശം 15 കോടി രൂപയുടെ കുടിശ്ശിക പൂർണ്ണമായും അനുവദിച്ചതായി മുഖ്യമന്ത്രി അറിയിച്ചു. ദുരിതബാധിതരുടെ പ്രശ്നങ്ങൾക്ക് സർക്കാർ വലിയ മുൻഗണന നൽകുന്നുണ്ട്.

ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിന് ദേവസ്വം ബോർഡും വിവിധ വകുപ്പുകളും സംയുക്തമായി യോഗങ്ങൾ ചേർന്ന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തും. കുടുംബശ്രീയെ ശക്തിപ്പെടുത്തുമെന്നും സബ്സിഡി ഉൾപ്പെടെയുള്ള സാമ്പത്തിക പ്രശ്നങ്ങൾ പരിശോധിച്ച് നടപ്പിലാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് നിയമനവുമായി ബന്ധപ്പെട്ട വാർത്തകൾ അടിസ്ഥാനരഹിതമാണ്. മുൻ സർക്കാർ 787 പേരെ നിയമിച്ചപ്പോൾ നിലവിലെ സർക്കാർ ഇതുവരെ 476 പേരെയാണ് നിയമിച്ചിട്ടുള്ളത്. എല്ലാ മന്ത്രിമാരും ചീഫ് വിപ്പും 25ൽ താഴെ സ്റ്റാഫുകളെയാണ് നിയമിച്ചിട്ടുള്ളതെന്നും അദ്ദേഹം വ്യക്തമാക്കി. സംസ്ഥാനത്തെ അതിവേഗ റെയിൽപാതാ പദ്ധതിയിൽ സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ലെന്നും ഇതുസംബന്ധിച്ച് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് പൂർണ്ണമായിട്ടില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് പോലീസ് മേധാവിക്ക് കൈമാറിയ കേസുകളിൽ കൃത്യമായ നിയമപരിശോധന നടത്തിയ ശേഷമേ തുടർനടപടി സ്വീകരിക്കൂ. ലഭിച്ച തെളിവുകൾ പരിശോധിച്ച് നിയമപരമായ നടപടികളിലേക്ക് കടക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

പി.എൻ.എക്സ്. 3652/2026